നമ്പർ: ICPS-3/009236/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം
തീയതി: 21.07.2015

**സർക്കുലർ**

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - ജെ.ജെ ചട്ടങ്ങൾ 2014 ചട്ടം 78 പ്രകാരം പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടിയെ Fit Personനു കൈമാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:-

കേരളാ ബാല നീതി ചട്ടങ്ങൾ 2014 ചട്ടം 78 പ്രകാരം പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടിയെ അനുയോജ്യ വ്യക്തിക്ക് (Fit person) കൈമാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കുട്ടിയെ അനുയോജ്യനായ വ്യക്തിയ്ക്ക് ഏൽപിയ്ക്കുമ്പോൾ പ്രസ്തുത നിർദ്ദേശങ്ങൾ നിർബന്ധമായും പാലിയ്ക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

To

എല്ലാ ജില്ലാ ശിശു സംരക്ഷണഓഫീസർമാർക്കും

<u>പകർപ്പ്</u>

1. എല്ലാ ജുവനൈൽ ജസ്റ്റീസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റുമാർക്കും,
2. എല്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻമാർക്കും
3. എല്ലാ JJ ഹോം സൂപ്രണ്ടുമാർക്കും,
4. പ്രോഗ്രാം മാനേജർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
   അക്കൗണ്ട്സ് ഓഫീസർ/ അക്കൗണ്ടന്റ് ഓഫീസർ.
5. ICPS 4 - A
6. സ്റ്റോക്ക് ഫയൽ

## കേരളാ ബാല നീതി (ശ്രദ്ധയും സംരക്ഷണവും) ചട്ടങ്ങൾ 2014 ചട്ടം 78 പ്രകാരം പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടിയെ അനുയോജ്യ വ്യക്തിക്ക് (Fit Person) കൈമാറുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. 6 മാസത്തിൽ കൂടുതൽ കുട്ടിയെ അനുയോജ്യ വ്യക്തിയെ ഏൽപ്പിക്കാൻ പാടുള്ളതല്ല. അത്തരം സാഹചര്യത്തിൽ ബന്ധപ്പെട്ട കുട്ടികളുടെ കോടതി (Children's Court) മുഖേന ഫോസ്റ്റർ കെയർ ഉത്തരവ് കൈപ്പറ്റാൻ ബന്ധപെട്ട വ്യക്തി/കമ്മിറ്റി/ഡിസിപിഒ ശ്രദ്ധിക്കണം.

2. മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ കുട്ടിയെ തിരികെ കൊണ്ടുപോകാനും സംരക്ഷിക്കാനും ഉള്ള സാഹചര്യം 6 മാസം എന്ന കാലയളവിനുള്ളിൽ വെച്ചു തന്നെ ഉണ്ടാവുകയാണെങ്കിൽ കുട്ടിയെ തിരികെ സി.ഡബ്ല്യു.സിയെ ഏൽപ്പിക്കാനുള്ള നടപടി എടുക്കേണ്ടതാണ്.

3. ഏത് സമയത്തും കുട്ടിയെ സി.ഡബ്ല്യു.സിയിൽ തിരികെ എത്തിയ്ക്കാവുന്നതാണ്.

4. കുട്ടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുയോജ്യരായ മാതാപിതാക്കൾ ഒരു കാരണവശാലും പരസ്യപ്പെടുത്താൻ പാടുള്ളതല്ല.

5. ഓരോ കുട്ടിയുടെ കാര്യത്തിലും വ്യക്തിയെ തിരെഞ്ഞെടുക്കുന്നതിൽ താഴെ പറയുന്ന രീതിയിൽ മുൻഗണനാക്രമം നിശ്ചയിക്കണം.

    1. കുട്ടിയുടെ അടുത്ത ബന്ധു
    2. കുട്ടിയുടെ അകന്ന ബന്ധു
    3. വിവാഹിതരായ കുട്ടികളുള്ള മാതാപിതാക്കൾ/ കുട്ടികളെ ദത്തെടുത്ത മാതാപിതാക്കൾ
    4. കുട്ടി ഇതുവരെ പഠിച്ച സ്കൂളിലെ അദ്ധ്യാപകരുടെ കുടുംബം/കുടുംബസുഹൃത്തുക്കൾ
    5. വിവാഹിതരായ കുട്ടികളില്ലാത്ത ദമ്പതികൾ

6. ഓരോ അപേക്ഷയിൻ മേലും വ്യക്തിയെ/ വ്യക്തികളെ കുറിച്ച് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ പ്രൊട്ടക്ഷൻ ഓഫീസർ /സോഷ്യൽ വർക്കർ തയ്യറാക്കുന്ന ഫോറം XVI (ജെ.ജെ ചട്ടം) പ്രകാരമുള്ള കുടുംബ വിശകലനം നിർബന്ധമായിരിക്കും. അപേക്ഷ കിട്ടിക്കഴിഞ്ഞാൽ രണ്ട് ആഴ്ചയ്ക്കകം പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കണം.

7. സ്ഥാപനത്തിൽ നിൽക്കുന്ന കുട്ടിയാണെങ്കിൽ ഫോറം XX, ഫോറം XXI അനുസരിച്ചുള്ള കേസ് ചരിത്രം, വ്യക്തിഗത ശ്രദ്ധാപദ്ധതി എന്നിവ തയ്യറാക്കിയതിന് ശേഷമേ അനുയോജ്യ വ്യക്തിയുടെ കൂടെ വിടുതൽ ചെയ്യാൻ പാടുള്ളൂ. പ്രസ്തുത റിപ്പോർട്ടുകൾ ഉണ്ടെന്ന് ബന്ധപ്പെട്ട സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതുമാണ്.

8. ഒരു കൂട്ടം രക്ഷിതാക്കൾ / അനുയോജ്യ വ്യക്തികൾ ഒരേ കാലഘട്ടത്തിൽ കുട്ടികളെ ഏറ്റെടുക്കുകയാണെങ്കിൽ അവർക്ക് താഴെ പറയുന്ന രീതിയിൽ പരിശീലനം കൊടുക്കാൻ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് തയ്യാറാവണം.

a) കുട്ടിയെ പുനരധിവസിപ്പിക്കുന്നതിന്റെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും (45 മിനിട്ട്)
b) ഒരു താൽക്കാലിക രക്ഷിതാവിന്റെ മേൻമകളും ഉത്തരവാദിത്വങ്ങളും (45 മിനിട്ട്)
c) താൽക്കാലിക രക്ഷകർത്വത്തിന്റെ വെല്ലുവിളികളും നിയമ പരിരക്ഷയും (1 മണിക്കൂർ)

9. ഒരു സമയത്ത് ഒരു രക്ഷിതാവ് മാത്രമാണ് കടന്നുവരുന്നതെങ്കിൽ (ഫോറം XVI) കുടുംബവിശകലനത്തിന് ശേഷം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ചുമതലപ്പെടുത്തുന്ന കൗൺസിലർ മേൽ പറഞ്ഞ വിഷയങ്ങൾ ഉൾപ്പെടുത്തി ചുരുങ്ങിയത് രണ്ട് സെഷൻ എങ്കിലും കൗൺസിലിംഗ് നടത്തേണ്ടതാണ്. ഇതിനായി ജില്ലയിലെ കൗൺസിലർമാരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും പരിശീലനം നൽകേണ്ടതുമാണ്.

10. ഒരു വയസിന് മുകളിലുള്ള കുട്ടിയാണെങ്കിൽ കുട്ടിയും വ്യക്തിയും തമ്മിൽ സംസാരിക്കാനും പരിചയപ്പെടാനും അനുവദിക്കേണ്ടതാണ്. 7 വയസിന് മുകളിലുള്ള കുട്ടിയാണെങ്കിൽ കുട്ടിയോട് രേഖാമൂലം എഴുതി വാങ്ങിച്ച് സൂപ്രണ്ട് കമ്മിറ്റിക്ക് മുമ്പിൽ ഹാജരാക്കേണ്ടതാണ്.

11. കുട്ടിയുടെ ബന്ധുക്കളല്ലാത്ത അനുയോജ്യ വ്യക്തിക്ക് വേണ്ട പൊതു നിബന്ധനകൾ.

a. 5000/- രൂപയെങ്കിലും മാസ വരുമാനം
b. ആരോഗ്യമുള്ളവരായിരിക്കണം
c. ക്രിമിനൽ കേസുകളിൽപ്പെട്ടവരായിരിക്കാൻ പാടില്ല.
d. പരിശീലനം/കൗൺസിലിംഗിന് വിധേയരാവാൻ തയ്യാറാവണം
e. വാസയോഗ്യമായ വീട് (സ്വന്തം/വാടക) ഉണ്ടായിരിക്കണം

12. സഹോദരി സഹോദരൻമാരെ ഒന്നിച്ച് മാത്രമേ പുനരധിവസിപ്പിക്കാൻ പാടുള്ളൂ.

13. കുട്ടിയുടെ ബന്ധു അനുയോജ്യ വ്യക്തി എന്ന നിലയിൽ കുട്ടിയെ സംരക്ഷിക്കാൻ തയ്യാറാകാത്തത് സാമ്പത്തിക പ്രശ്നം മൂലം മാത്രമാണെങ്കിൽ അവർക്ക് പ്രൊട്ടക്ഷൻ ഓഫീസർ/സോഷ്യൽ വർക്കർ അന്വേഷണം നടത്തിയ ശേഷം ധനസഹായം (സ്പോൺസർഷിപ്പ്) നൽകാവുന്നതാണ്.

14. കുട്ടിയുടെ യഥാർത്ഥ മാതാപിതാക്കൾ/അടുത്തബന്ധുവുമായി സംസാരിച്ച് അനുമതി വാങ്ങാൻ പ്രൊട്ടക്ഷൻഓഫീസർ/ സോഷ്യൽ വർക്കർ/ സൂപ്രണ്ട് തയ്യാറാവണം

15. യഥാർത്ഥ മാതാപിതാക്കൾക്ക് കൗൺസിലിംഗ് ആവശ്യമെങ്കിൽ ചുമതലപ്പെടുത്തുന്ന കൗൺസിലർ അതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.

16. അനുയോജ്യ വ്യക്തിയുടെ കൂടെ വിടുന്ന കുട്ടികളുടെ കാര്യത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേൽനോട്ട ഉത്തരവ് ഡിസിപിഒയ്ക്ക് കൈമാറേണ്ടതുമാണ്. ഡിസിപിഒ ഉത്തരവ് കൈപ്പറ്റി രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേൽനോട്ടം ഒരുക്കേണ്ടതുമാണ്.

17. സ്ഥാപനത്തിൽ നിന്നും പോകുന്ന കുട്ടികളുടെ കാര്യത്തിൽ സ്ഥാപന സൂപ്രണ്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കാലാവധി കഴിയുന്നതിന് രണ്ടാഴ്ച മുമ്പെങ്കിലും ചൈൽഡ് വെൽഫയർ കമ്മിറ്റി , ഡിസിപിഒ എന്നിവരെ അറിയിക്കേണ്ടതുമാണ്.

18. അനുയോജ്യ വ്യക്തിയെ ഏൽപ്പിച്ച കുട്ടിയെ സന്ദർശിക്കാൻ സി.ഡബ്ല്യു.സിയുടെ അനുമതിയോടെ യഥാർത്ഥ മാതാപിതാക്കൾക്ക് അവകാശമുണ്ടായിരിക്കും.

19. ഉപേക്ഷിക്കപ്പെട്ട കുട്ടികളെയും (abandoned children) സറണ്ടർ ചെയ്ത കുട്ടികളെയും പൂർണ്ണമായും അനാഥരായ കുട്ടികളെയും ഈ പദ്ധതി പ്രകാരം പുനരധിവസിപ്പിക്കരുത്. അത്തരം കുട്ടികളെ എത്രയും വേഗം ദത്തെടുക്കൽ, പ്രീ അഡോപ്റ്റീവ് ഫോസ്റ്റർ കെയർ രീതിയിൽ പുനരധിവസിപ്പിക്കാൻ സി.ഡബ്യു.സി നടപടിയെടുക്കേണ്ടതും അതിനായി SARA / ഡിസിപിയുവിൽ നിന്ന് അർഹരായ ദമ്പതികളുടെ ലിസ്റ്റ് കണ്ടെത്താവുന്നതുമാണ്.

20. അനുയോജ്യ വ്യക്തിക്ക് നൽകിയ കുട്ടികളെ 6 മാസം കഴിഞ്ഞും അതേ കുടുംബത്തിൽ നിർത്തേണ്ട സാഹചര്യമുണ്ടെങ്കിൽ കുട്ടികളുടെ കോടതി ഫോസ്റ്റർ കെയർ (ചട്ടം 45 പ്രകാരം) നൽകുന്നു എന്ന് സി.ഡബ്യു.സി ഉറപ്പുവരുത്തേണ്ടതാണ്. ഡിസിപിഒ ഇതിനായി സി.ഡബ്യു.സിയെ സഹായിക്കണം.

21. കുട്ടിയെ സ്വീകരിക്കുന്ന വ്യക്തിയുടെ പ്രായം 30നും 65നും ഇടയിലായിരിക്കണം. (അടുത്ത ബന്ധുവിന്റെ കാര്യത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് ഈ കാര്യത്തിൽ ഇളവ് അനുവദിക്കാം)

22. സ്വന്തമായി ദത്തെടുത്ത കുട്ടികളുള്ള വ്യക്തികളുടെ കാര്യത്തിൽ സ്വന്തമായി ദത്തെടുത്ത കുട്ടികൾക്ക് പ്രത്യേക കൗൺസിലിംഗ് സൗകര്യം ഒരുക്കേണ്ടതാണ്.

23. അനുയോജ്യ വ്യക്തിയുടെ കൂടെ കുട്ടിയെ/ കുട്ടികളെ താമസിപ്പിക്കുന്ന കാലയളവിൽ കുട്ടിയുടെ സർവതോൻമുഖമായ വികസനവും, കുട്ടിയുടെ/കുട്ടികളുടെ അവകാശസംരക്ഷണവും അനുയോജ്യ വ്യക്തിയുടെ (Fit Person) ഉത്തരവാദിത്വമായിരിക്കും

24. കുട്ടിക്കോ കുടുംബത്തിനോ ഏതെങ്കിലും പരാതി ഉള്ള പക്ഷം അവർ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ/ സി.ഡബ്ല്യു.സി / നേരിട്ടോ, വിവരസാങ്കേതിക വിദ്യ വഴിയോ ഫോൺ മുഖേനയോ അറിയിക്കാവുന്നതാണ്.

## അനുയോജ്യ വ്യക്തിക്ക് കുട്ടിയെ ഏറ്റെടുക്കാനും തുടർന്നുമുള്ള നടപടിക്രമങ്ങൾ

1. താൽപ്പര്യമുള്ള വ്യക്തികൾ ചൈൽഡ് വെൽഫയർ കമ്മറ്റി/ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർക്ക് അപേക്ഷ നൽകുന്നു. ഇതിനായി ചൈൽഡ് വെൽഫയർ കമ്മിറ്റിയുമായി ആലോചിച്ച് ആവശ്യമെങ്കിൽ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ നിന്നു പത്രപരസ്യം നൽകാവുന്നതാണ്.

2. അപേക്ഷ കിട്ടിക്കഴിഞ്ഞാൽ സി.ഡബ്ല്യു.സി & ഡി.സി.പി.ഒ ഒരു കേസ് ഫയൽ തുടങ്ങുന്നു.

3. അപേക്ഷയിൻ മേൽ ഡി. സി. പി. യു അന്വേഷണം നടത്തുന്നു.

4. 2 ആഴ്ചക്കകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നു.

5. പരസ്പരം പരിചയപ്പെടാൻ കുട്ടിയ്ക്കും അപേക്ഷകർക്കും സാഹചര്യമൊരുക്കുന്നു. ( സ്വന്തം/ദത്തെടുത്ത കുട്ടികൾ ഉള്ള അനുയോജ്യ വ്യക്തികൾ കുട്ടികളെയും പരിചയപ്പെടുത്താൻ സാഹചര്യമൊരുക്കുന്നു.)

6. ആവശ്യമെങ്കിൽ യഥാർത്ഥ മാതാവ്/പിതാവ് എന്നിവരുമായി ഡി.സി.പി.യു(DCPU) കൂടിയാലോചന നടത്തുന്നു.

7. 7 വയസ് കഴിഞ്ഞ കുട്ടിയാണെങ്കിൽ കുട്ടിയുടെ സമ്മതപത്രം ഒപ്പിട്ടു വാങ്ങുന്നു.

8. ഏറ്റെടുക്കുന്ന വ്യക്തി/വ്യക്തികളുടെ സമ്മതപത്രം എഴുതി വാങ്ങുന്നു.

9. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന അടുത്ത ബന്ധുക്കൾ ആണെങ്കിൽ ജില്ലാ തല സ്പോൺസർഷിപ്പ് - ഫോസ്റ്റർ കെയർ കമ്മിറ്റി സ്പോൺസർഷിപ്പിനായി പരിഗണിക്കുന്നു.

10. സോഷ്യൽ വർക്കർ/ ഔട്ട്റീച്ച് വർക്കർ 2 ദിനം കഴിഞ്ഞ് 7 ദിവസത്തിനകം കുടുംബത്തെ സന്ദർശിക്കുന്നു. തുടർന്ന് ആദ്യ രണ്ട് മാസം രണ്ടാഴ്ചയിലൊരിക്കലും തുടർന്ന് മാസത്തിലൊരിക്കലും രണ്ടാഴ്ചയിലും ഒരിക്കൽ സോഷ്യൽ വർക്കർ /ഔട്ട് റിച്ച് വർക്കർ കുടുംബത്തെ ഫോൺ മുഖേനയോ/വിവര സാങ്കേതിക വിദ്യ വഴിയോ, നേരിട്ടോ ബന്ധപ്പെടുന്നു. രണ്ട് മാസത്തിൽ ഒരിക്കൽ നിർബന്ധമായും കുടുംബത്തെ സന്ദർശിക്കുന്നു.

11. ഓരോ സന്ദർശനത്തിന്റെയും പുരോഗതി റിപ്പോർട്ട് ഡി.സി.പി.ഒയ്ക്ക് സമർപ്പിക്കുന്നു. റിപ്പോർട്ട് കേസ് ഫയലിൽ സൂക്ഷിക്കുന്നു. ആവശ്യമെങ്കിൽ കുട്ടിയെ/ കുട്ടികളെ തിരികെ ഏറ്റെടുക്കാൻ സി.ഡബ്ല്യു.സിയോട് ശുപാർശ ചെയ്യുന്നു.

12. ആവശ്യമാകുന്ന സന്ദർഭത്തിൽ വിദഗ്ദരുടെ സഹായം കുടുംബത്തിന് ലഭ്യമാക്കാൻ ഡി.സി.പി.യു. തയ്യാറാകുന്നു, അത്യാവശ്യ സന്ദർഭത്തിൽ സി.ഡബ്ല്യു.സിയെ വിവരങ്ങൾ ധരിപ്പിക്കുന്നു.

13. കാലാവധി പൂർത്തിയാക്കുന്നതിന്റെ രണ്ടാഴ്ച മുൻപ് സി.ഡബ്ല്യു.സിയെയും രക്ഷിതാക്കളെയും അറിയിക്കുന്നു.

14. 6 മാസം കഴിഞ്ഞും തുടരേണ്ട സാഹചര്യമുണ്ടെങ്കിൽ കുട്ടികളുടെ കോടതി (ചിൽഡ്രൻസ് കോർട്ട്) വഴി ഫോസ്റ്റർ കെയർ (ചട്ടം 45 പ്രകാരം) ആക്കി മാറ്റുന്നു.

21/7/15

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി